# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6011 19.11.2019-ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സഹകരണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) | ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർമാരും താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് തലത്തിൽ ഇൻസ്പെക്ടർമാരും സഹകരണ സംഘങ്ങളിൽ ആകസ്മിക/വിശദ പരിശോധനകൾ നടത്തി വരുന്നു. സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായ അന്വേഷണം നടത്തുകയും ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കാണുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66 എന്നിവ പ്രകാരമുള്ള തുടർ അന്വേഷണങ്ങൾ/ പരിശോധനകൾ നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഇതിനു പുറമെ സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും സഹകരണ നിയമം വകുപ്പ് 63 പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ഫലപ്രദമായി നടത്തിവരുന്നു. |
| (ബി) | ഈ സർക്കാർ വന്നശേഷം എത്ര സഹകരണസംഘ സ്ഥാപനങ്ങളിലാണ് ഇത്തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയത്; | (ബി) | ഈ സർക്കാർ വന്നശേഷം 213 സഹകരണ സ്ഥാപനങ്ങളിലാണ് സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയത്. |
| (സി) | കുറ്റക്കാരെ നിയമത്തിന് മുൻപിൽ കൊണ്ടുവരുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാത്തത് സഹകരണ സംഘങ്ങളുടെ വിശ്വാസ്യതയെ തകർക്കുകയും സഹകാരികൾക്ക് സാമ്പത്തികമായ നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാക്കിയിട്ടില്ലേ എന്നറിയിക്കാമോ; | (സി) | കുറ്റക്കാരെ നിയമത്തിന് മുൻപിൽ കൊണ്ടുവരുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും സഹകരണ നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |
| (ഡി) | ക്രമക്കേടിന്റെ പേരിൽ ഈ സർക്കാർ നിലവിൽവന്ന ശേഷം വകുപ്പ് 32 പ്രകാരം ജീവനക്കാരെ പിരിച്ചുവിടുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ; വ്യക്തമാക്കാമോ? | (ഡി) | സഹകരണ നിയമം വകുപ്പ് 32 പ്രകാരം സഹകരണ സംഘം ജീവനക്കാരെ പിരിച്ചുവിടുന്നതിന് വ്യവസ്ഥയില്ല. സഹകരണ സംഘം ഭരണ സമിതികളെ പിരിച്ചുവിടുന്നതിനാണ് വകുപ്പ് 32 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ സർക്കാർ നിലവിൽ വന്ന ശേഷം ക്രമക്കേടിന്റെ പേരിൽ വകുപ്പ് 32 പ്രകാരം സംസ്ഥാനത്ത് 38 സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ പിരിച്ചുവിട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**